പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5164 22.05.2017-ലെ മറുപടി

നാട്ടിക മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി നാട്ടിക നിയോജക മണ്ഡലത്തിൽ ചെവ്വൂർ -മരത്താക്കര -ഇല്ലിക്കൽ - ചിറയ്ക്കൽ ശുദ്ധീകരണശാലയ്ക്ക് വേണ്ടി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ചേവൂർ മരത്താക്കര കുടിവെള്ള പദ്ധതിയുടെ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയും, കരാർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ചാഴൂർ. താന്ന്യം, അന്തിക്കാട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ പമ്പിംഗ് മെയിൻ ഇല്ലിക്കൽ പമ്പ് ഹൗസ് മുതൽ ചിറയ്ക്കൽ ജലശുദ്ധീകരണശാല വരെ മാറ്റുന്ന പ്രവൃത്തിക്ക് അനുമതി ലഭിക്കുകയും ടെൻഡർ ക്ഷണിച്ച് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.. |
| ബി | നാട്ടിക മണ്ഡലത്തിലെ രണ്ട് പദ്ധതികൾക്ക് ഏകദേശം 7 ലക്ഷം രൂപയോളം പി.ഡബ്ല്യു ഡി.ക്ക് നൽകുന്നതിന് എന്ത് നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; | ബി | ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| സി | പി.ഡബ്ല്യു.ഡി.യിൽ വാട്ടർ അതോറിറ്റി അടയ്ക്കേണ്ട തുക അടക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | സി | പി.ഡബ്ല്യു.ഡി.യിൽ വാട്ടർ അതോറിറ്റി അടയ്ക്കേണ്ട തുക അടക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ